**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 905** **14-10-2026-ൽ മറുപടിയ്ക്ക്**

**കല്ലടയാറിന്റെ തീരത്തെ സംരക്ഷണഭിത്തി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** പത്തനാപുരം നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന താലൂക്ക് ആശുപത്രിയുടെ കല്ലടയാറിനോട് ചേർന്ന ഭാഗത്ത് മണ്ണിടിച്ചിൽ ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** പത്തനാപുരം നിയോജക മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന താലൂക്ക് ആശുപത്രിയുടെ കല്ലടയാറിനോട് ചേർന്ന ഭാഗത്തു മണ്ണിടിച്ചിൽ ഉണ്ടായ കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രദേശത്ത് സംരക്ഷണഭിത്തി നിർമ്മിക്കണമെന്ന ആവശ്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ?

**മറുപടി:** പ്രസ്തുത പ്രദേശത്തു സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് വേണ്ടി "Construction of RCC Retaining wall in the Right bank of Kallada River adjacent to New Taluk Hospital Pathanapuram, Pathanapuram Assembly Constituency" എന്ന പ്രവൃത്തിയുടെ 900.00 ലക്ഷം രൂപയുടെ DPR തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ടി പ്രൊപ്പോസൽ വാർഷിക ബഡ്ജറ്റിലും പ്ലാൻ പ്രൊപ്പോസലിലും സമർപ്പിച്ചിട്ടുണ്ട് ആയതിന് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**